(സി) മേൽ കലാകാരന്മാർ വിദേശത്തുനിന്നുള്ള ക്ഷണം അനുസരിച്ച് പോയതിനാൽ സർക്കാർ സാമ്പത്തിക സഹായം ആവശ്യമായിരുന്നില്ല.

(ഡി) ഇപ്പോൾ ഇക്കാര്യം സർക്കാർ പരിഗണനയിൽ ഇല്ല.

15 (1653) "സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ"

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന സ്വയം ഭരണ സ്ഥാപനമായ "സോഷ്യോ എക്കണോമിക് യൂണിറ്റ്" ഫൗണ്ടേഷനിൽ പണിയെടുത്തു വരുന്ന ജീവനക്കാരെ പരിച്ചുവിടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) സമാനസ്വഭാവമുള്ള മറ്റ് സ്വയംഭരണ സ്ഥാപനങ്ങളിൽ ചെയ്തതുപോലെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ഇവരെ സ്ഥിരപ്പെടുത്തുവാൻ മാനേജുമെന്റിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ)-(സി) സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സംഘടനയല്ല. പ്രസ്തുത സംഘടന ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വതന്ത്ര സംഘടനയാണ്. (നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ) ആയതിനാൽ ഈ സംഘടനയിലെ ജീവനക്കാരുടെ നിയമനാധികാരവും നിയന്ത്രണവും പ്രസ്തുത സംഘടനയിൽ നിക്ഷിപ്തമാണ്.

16 (1654) കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാരുടെ വീട് സംരക്ഷിക്കാൻ നടപടി

<u>ശ്രീ. പി. വിശ്വൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധീര ദേശാഭിമാനി കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാരുടെ വീട് സംരക്ഷിക്കാനുള്ള പ്രവർത്തി ഉത്ഘാടനം കഴിഞ്ഞിട്ടും ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പ്രവൃത്തി തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഈ സാമ്പത്തിക വർഷം തന്നെ പണി പൂർത്തിയാക്കാനുള്ള നടപടികൾ ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) ധീര ദേശാഭിമാനി കുഞ്ഞാലിമരയ്ക്കാരുടെ വീടിന്റെ ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനമാണ് നടന്നത്. ആദ്യ പര്യവേഷണത്തിൽ വീടിന്റെ ചില ഭാഗങ്ങളുടെ അടിസ്ഥാനം ദൃശ്യമായതിനെത്തുടർന്ന് ശാസ്ത്രീയമായ ഉദ്ഘാടന പ്രവർത്തനങ്ങൾ നടത്തി വീടിന്റെ തനതായ വിസ്തൃതിയും പൊളിഞ്ഞുപോയ ഭാഗങ്ങളുടെ അടിസ്ഥാനവും കണ്ടെ

LIBRARY ARCHIVES Kerala Legislative Assembly